# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 991

11/03/2015-ലെ മറുപടിയ്ക്ക്

## പത്തനംതിട്ട ജില്ലയിൽ കോർപ്പസ് ഫണ്ട് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. എ.പി. അനിൽകുമാർ<br>പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| (എ) | പട്ടിക സമുദായ കോർപ്പസ്ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി പത്തനംതിട്ട ജില്ലയ്ക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | പത്തനംതിട്ട ജില്ലയ്ക്ക് കോർപ്പസ് ഫണ്ടിൽ നിന്നും 2,96,87,000/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ എത്ര ശതമാനം തുകയ്ക്കാണ് ജില്ലയിൽത്തന്നെ ഭരണാനുമതി നല്കാൻ കഴിയുക എന്ന് അറിയിക്കാമോ; | (ബി) & (സി) | കോർപ്പസ് ഫണ്ട് വിനിയോഗത്തിനായി രൂപീകരിച്ചിട്ടുള്ള ജില്ലാ സമിതികൾക്ക് 25 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കാണ് ഭരണാനുമതി നൽകാൻ കഴിയുന്നത്. പദ്ധതി നിർവ്വഹണത്തിനുള്ള തുക ജനസംഖ്യാനുപാതികമായിട്ടാണ് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുള്ളത്. പത്തനംതിട്ട ജില്ലയ്ക്ക് അനുവദിച്ച മുഴുവൻ തുകയ്ക്കുമുള്ള (2,96,87,000/- രൂപയ്ക്കുള്ള), 30 പ്രവർത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ അടൂർ മുൻസിപ്പാലിറ്റിയിലെ 21,48,200/- രൂപയ്ക്കുള്ള 16 കുടിവെള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ട്. ഇതിനുള്ള ഫണ്ട് ജില്ലയ്ക്ക് ലഭ്യമാക്കുന്നതാണ്. |
| (സി) | എത്ര രൂപയുടെ എത്ര പദ്ധതികൾക്കാണ് ജില്ലയിൽ ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുള്ളത്; ഇനിയും എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ട് എന്ന് അറിയിക്കാമോ; ഇതിനുള്ള ഫണ്ട് ജില്ലാ തലത്തിൽ ലഭ്യമാണോ; | | |
| (ഡി | ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാനതല സമിതിയിലേയ്ക്ക് അയച്ചിട്ടുണ്ടോ; ഏതൊക്കെ പദ്ധതികളാണ് ഇങ്ങനെ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്?വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനായി സംസ്ഥാനതല സമിതിയിലേയ്ക്ക് അയച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ